## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്ത് ജീവനക്കാർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

### തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.3822/2017/തസ്വഭവ                    തീയതി, തിരുവനന്തപുരം, 28.11.2017

==========================================================================

പരാമർശം:
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.12.2012-ലെ ഇ 12(എസ് സി 34/2012/കെകെടി) 36154/12 നമ്പർ കത്ത്
2. വിജിലൻസ് (ഡി) വകുപ്പിന്റെ 05.03.2013-ലെ 16710/ഡി1/2012/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 29.04.2013-ലെ 20271/ഇപിബി3/2013/തസ്വഭവ നമ്പർ കുറ്റപത്രം
4. കുറ്റപത്രത്തിന് പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജോയികുമാർ, സാനിട്ടറി ഇൻസ്പെക്ടർ ശ്രീ. എസ്. ബാലൻ, യു.ഡി. ക്ലാർക്ക് ശ്രീ. രവി എം.എം. എന്നിവർ സമർപ്പിച്ച എതിർവാദ പത്രികകൾ
5. പഞ്ചായത്ത് ഡയറക്ടറുടെ 22.09.2014-ലെ ഡി1-17148/2013 നമ്പർ കത്ത്

### ഉത്തരവ്

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ ആകസ്മിക പരിശോധന നടത്തി പരാമർശം (1), (2) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

1) പഞ്ചായത്തിന്റെ കീഴിലുള്ള ചോനായി കടവിൽ നിന്നും ഉപഭോക്താക്കൾക്ക് നൽകുന്ന മണലിന്റെ അളവിൽ പെർമിറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന 5 ടണ്ണിനേക്കാൾ കുറവ് മാത്രമേ നൽകുന്നുള്ളൂ.
2) കെട്ടിട നിർമ്മാണാനുമതി അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ അസാധാരണ കാലതാമസം ഉണ്ടാകുന്നു.
3) കച്ചവട ലൈസൻസുകൾ അനുവദിക്കുന്നതിലും, പുതുക്കുന്നതിലും അസാധാരണ കാലതാമസം ഉണ്ടാകുന്നു.
4) പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജോയികുമാർ, സാനിട്ടറി ഇൻസ്പെക്ടർ ശ്രീ. എസ്. ബാലൻ, യു.ഡി. ക്ലാർക്ക് ശ്രീ. രവി എം.എം. എന്നിവർക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകുകയുണ്ടായി. കുറ്റപത്രത്തിന് ടി ഉദ്യോഗസ്ഥർ പരാമർശം (4) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ചോനായി കടവിൽ പെർമിറ്റ് പ്രകാരമുള്ള 5 ടണ്ണിൽ കുറവ് വരുത്തിയാണ് മണൽ അനുവദിക്കുന്നത് എന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജോയികുമാറിനെതിരായ ആരോപണത്തിന്മേൽ അന്വേഷണം നടത്തിയതിൽ ഗ്രാമപഞ്ചായത്തിൽ 5 കടവുകളാണ് നിലവിലുള്ളതെന്നും ഈ കടവുകളിൽ മണൽ ലഭിക്കുന്നതിനായി വാഹനങ്ങളിൽ അളവ് രേഖപ്പെടുത്തുന്ന നടപടി സ്വീകരിച്ചതായതാണ് അറിയാൻ കഴിഞ്ഞതെന്നും ഇതിനായി ഓവർസീയർക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും ആയത് തൃപ്തികരമായി നിർവ്വഹിച്ചതായി അറിയാൻ കഴിഞ്ഞുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബിൽഡിംഗ് പെർമിറ്റ് തീർപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്നത് സംബന്ധിച്ച് വിജിലൻസ് പരിശോധനയുടെ ഏതാണ്ട് രണ്ടരമാസക്കാലം മുമ്പാണ് കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനുള്ള അധികാരം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും സെക്രട്ടറിക്കു തന്നെ തിരികെ നൽകി സർക്കാർ ഉത്തരവായതെന്നും അതുവരെ 300 ച.മീ. വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് നിർമ്മാണ അനുമതി നൽകിയിരുന്നത് അസിസ്റ്റന്റ് എഞ്ചിനീയർ ആയിരുന്നുവെന്നും ഫ്രണ്ട് ഓഫീസിലെത്തുന്ന അപേക്ഷകളെല്ലാം തന്നെ തൊട്ടടുത്ത ദിവസങ്ങളിലായി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കൈമാറാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കെട്ടിട നിർമ്മാണത്തിനുള്ള അനുമതിയ്ക്കായി ധാരാളം അപേക്ഷകൾ ലഭിക്കുന്നതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഓഫീസിലെ ഒരു ക്ലാർക്കിന്റെ സേവനം കൂടി വിട്ടുനൽകിയതായും കാണുന്നുണ്ടെന്നും 26.03.2012-ലെ സർക്കാർ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണാനുമതി സെക്രട്ടറി തന്നെ നൽകണമെന്ന് ഉത്തരവായിട്ടുണ്ടെന്നും എല്ലാ കെട്ടിടങ്ങൾക്കും യഥാസമയം അനുമതി നൽകിയതായി കാണുന്നില്ലെങ്കിലും രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഫീസ് അടവാക്കി അധികം താമസിയാതെ തന്നെ അനുമതി നൽകിയതായി കാണുന്നുവെന്നും പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല എന്ന ശ്രീ. ജോയികുമാറിനെതിരായ ആരോപണം സംബന്ധിച്ച് നിലവിൽ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചു വരുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കെട്ടിട നിർമ്മാണ അപേക്ഷകളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തുന്നു എന്ന യു.ഡി. ക്ലാർക്ക് ശ്രീ. എം.എം. രവിക്കെതിരായ ആരോപണം സംബന്ധിച്ച് ടിയാൻ 18.07.2011-നാണ് ടി ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചതെന്നും കെട്ടിട നിർമ്മാണ അനുമതി പത്രം എഴുതി തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കാനുള്ള ചുമതല ശ്രീ. രവിക്ക് പഞ്ചായത്ത് സെക്രട്ടറി വാക്കാൽ നിർദ്ദേശം നൽകിയതായും ആയത് പ്രകാരം ടിയാൻ പ്രവർത്തിച്ചതായും, ടിയാന് കെട്ടിടനികുതി, കെട്ടിട നിർമ്മാണാനുമതി തുടങ്ങിയ ചുമതലകൾക്കു പുറമേ മാസത്തിൽ 4 ദിവസം ഫ്രണ്ട് ഓഫീസ് ചുമതലയും കൂടാതെ നിയമസഭാ ചോദ്യങ്ങൾക്കു മറുപടി നൽകുന്നതിനുള്ള ചുമതലയും നൽകിയിരുന്നുവെന്നും മൂന്ന് ഓവർസീയർ തസ്തികയുള്ള എഞ്ചിനീയറിംഗ് സെക്ഷനിൽ മിക്കവാറും അവസരങ്ങളിൽ ഒന്നോ രണ്ടോ ഓവർസീയർ മാത്രമേ ഉണ്ടാകാറുള്ളൂ എന്നതിനാലാണ് കെട്ടിട നിർമ്മാണാനുമതി സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടത് എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സാനിട്ടറി ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. ബാലൻ സമർപ്പിച്ച എതിർവാദ പത്രിക പരിശോധിച്ചതിൽ ശ്രീ. ബാലൻ 19.01.2012-നാണ് ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചതെന്നും ജനന-മരണ രജിസ്ട്രേഷൻ അടക്കമുള്ള ചുമതലകൾ സീനിയർ ക്ലാർക്കിന് കൈമാറുന്നതുവരെ ടിയാൻ തന്നെയാണ് ആയത് കൈകാര്യം ചെയ്തിരുന്നതെന്നും, കൂടാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള ഡ&ഒ ലൈസൻസ് സെക്ഷനും ടിയാനാണ് കൈകാര്യം ചെയ്തിരുന്നതെന്നും ധാരാളം കച്ചവട സ്ഥാപനങ്ങളും വലിയ തോതിൽ മാലിന്യ പ്രശ്നങ്ങളും ഉള്ള വലിയ ഗ്രാമപഞ്ചായത്തുകളിലൊന്നായ പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ ധാരാളം അപേക്ഷകളും പരാതികളും ലഭിക്കാറുണ്ടെന്നും ശ്രീ. ബാലൻ 2012 വർഷം വിജിലൻസ് പരിശോധന നടന്ന 08.06.2012 വരെയുള്ള

കാലയളവിൽ ആകസ്മിക അവധി തുടർച്ചയായി എടുത്തതായി കാണുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച എതിർവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കുറ്റപത്രത്തിലെ ആരോപണങ്ങൾക്ക് ബന്ധപ്പെട്ട ജീവനക്കാർ സമർപ്പിച്ചിരിക്കുന്ന മറുപടി വസ്തുതകളോട് പൊരുത്തപ്പെടുന്നതായി കാണുന്നില്ല. കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിലും കച്ചവട ലൈസൻസുകൾ നൽകുന്നതിലും കാലതാമസം വരുത്തുന്നത് ശരിയായ നടപടിയല്ല. മേൽ സാഹചര്യത്തിൽ കുറ്റാരോപിതരായ ജീവനക്കാരായ സെക്രട്ടറി ശ്രീ. ജോയികുമാർ, സാനിട്ടറി ഇൻസ്പെക്ടർ ശ്രീ. ബാലൻ, യു.ഡി. ക്ലാർക്ക് ശ്രീ. രവി എ.എം എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി ടിയാൻമാരുടെ ഒരു വാർഷിക ഇൻക്രിമെന്റ് 6 മാസത്തേയ്ക്ക് തടഞ്ഞുകൊണ്ട് ടിയാളുകൾക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. ജോയികുമാർ വി, സെക്രട്ടറി, പേരമ്പ്ര ഗ്രാമപഞ്ചായത്ത്
2. ശ്രീ. എസ്. ബാലൻ, സാനിട്ടറി ഇൻസ്പെക്ടർ, പേരമ്പ്ര ഗ്രാമപഞ്ചായത്ത്
3. ശ്രീ. രവി എം.എം, യു.ഡി. ക്ലാർക്ക്, പേരമ്പ്ര ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
8. വിജിലൻസ് (ഡി) വകുപ്പ്

(30.08.2017-ലെ വിജി. ഡി2/128/2017/വിജി. നമ്പർ യു.ഒ. റിമാർക്സ് പ്രകാരം)

9. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.20271/ഇപിബി3/2013/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ